ഇൻറഗ്രിററിയെ സംബന്ധിച്ച് സംശയിക്കേണ്ട ഒരു കാര്യവുമില്ല, ഇവർ അവരുടെ പ്രതിനിധിയായി എങ്ങനെ വന്നു എന്നുള്ളത് പരിശോധിക്കാം. അത് പാടില്ലാത്തതാണ്, ന്യായമായും തെററാണ്.

ശ്രീ. കെ. പ്രകാശ് ബാബു: ഇവിടെ ശ്രീ. പി. ടി. തോമസ് സൂചിപ്പിച്ചതുപോലെ ഈ മലേഷ്യാ ബേസ്ഡ് ആയിട്ടുള്ള കമ്പനിയുടെ റെപ്രസൻേററീവ് ആയിട്ടാണ് നമ്മുടെ റബ്ബർ ഫാക്ടറിയിൽ ശ്രീ. എസ്. പത്മകുമാർ വന്നത്. അതാണ് ഞാൻ സൂചിപ്പിച്ചത്. അല്ലാതെ ആ കമ്പനിയെക്കുറിച്ച് തെററിദ്ധാരണ ഉണ്ടായിട്ടല്ല ഞാൻ പറഞ്ഞത്.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, അതിനെപ്പററി അന്വേഷിക്കാമെന്ന് ഞാൻ പറഞ്ഞല്ലോ. അതുകൊണ്ട് ഇതിൽ ഇപ്പോൾ ഈ പറഞ്ഞതുപോലെ ഫർദറായിട്ട് എന്തെങ്കിലും കാര്യമുണ്ടെന്ന് എനിക്ക് തോന്നുന്നില്ല. ഈ പറഞ്ഞതുപോലെ അഷ്വറൻസ് കമ്മിററിയുടെ റിപ്പോർട്ടും അതുപോലുള്ള കാര്യങ്ങളുമൊക്കെ വച്ച് ഈ കാര്യത്തെ സംബന്ധിച്ചിടത്തോളം വളരെ നിഷ്പക്ഷമായി ഇതിന്റെ റെസ്പോൺസിബിലിററി ഫിക്സ് ചെയ്യുന്ന മുറയ്ക്ക് ഉത്തരവാദിയായ ആളുകളുടെ പേരിൽ അങ്ങനെ വല്ലതുമുണ്ടെങ്കിൽ നടപടിയെടുക്കും.

ശ്രീ. കെ. ഇ. ഇസ്മയിൽ: സർ, ഇവിടെ പലരും പറഞ്ഞു കേട്ടപ്പോഴാണ് ഒരു കാര്യം വളരെ പ്രസക്തമാണെന്ന് എനിക്ക് തോന്നിയത്. വിപുലമായ ബന്ധങ്ങളുള്ള ഒരു വ്യക്തിയെന്നുള്ള നിലയിൽ ഇതുപോലുള്ള ചില നടപടികളുമായി മുന്നോട്ടുപോകുന്ന സന്ദർഭത്തിൽ അദ്ദേഹത്തിന്റെ പാസ്പോർട്ട് തടഞ്ഞുവയ്ക്കുകയെന്നുള്ളത് ഗൗരവമായ ഒരു പ്രശ്നമാണ്. അക്കാര്യത്തെ സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രിയുടെ അഭിപ്രായം എന്താണ്?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, നമ്മൾ അതിര് കടക്കേണ്ട ആവശ്യമില്ല. കാരണമെന്താണെന്നു വച്ചാൽ ഒരു കാര്യം വരുമ്പോൾ അതിന്റെ വിശദാംശം നമുക്ക് നോക്കാം. ഇക്കാര്യം വരുമ്പോൾ ഇതിൽ ഒതുങ്ങി സംസാരിക്കുകയെന്നല്ലാതെ ഒരുപാട് പറഞ്ഞുകഴിഞ്ഞാൽ അതൊക്കെ മോശമാകും. അങ്ങനെയൊന്നും സംഭവിച്ചില്ല. ഏതായാലും വ്യവസായ വകുപ്പിന്റെ ഭാഗത്തുനിന്ന് ജനപ്രതിനിധികൾ ഉയർത്തിപ്പിടിക്കുന്ന ഇക്കാര്യത്തിൽ അവരുടെ പ്രതീക്ഷയ്ക്ക് ഒത്ത് നിഷ്പക്ഷമായ നിലപാടുണ്ടാകും.

## XIII. റൂളിംഗ്

### സബ്ജക്ട് കമ്മിററികളുടെ ബഡ്ജററ് പരിശോധന സംബന്ധിച്ച റിപ്പോർട്ടിന് വിയോജനക്കുറിപ്പ് ഉൾപ്പെടുത്തുന്നതു സംബന്ധിച്ച് 29-6-1994-ൽ ഉന്നയിച്ചിരുന്ന ക്രമപ്രശ്നം സംബന്ധിച്ച്

മി. സ്പീക്കർ: 10-ാം സബ്ജക്ട് കമ്മിററിയെ സംബന്ധിക്കുന്ന 1994-95-ലെ ധനാഭ്യർത്ഥനകളുടെ പരിശോധനയോടനുബന്ധിച്ച് നൽകപ്പെട്ട ഭിന്നാഭിപ്രായക്കുറിപ്പ് പ്രസ്തുത സബ്ജക്ട്



LIBRARY ARCHIVES Kerala Legislative Assembly

കമ്മിററി സമർപ്പിച്ച റിപ്പോർട്ടിൽ ചേർക്കാതിരുന്നതിനെപ്പററി ജൂൺ 29-ാം തീയതി ഇവിടെ ചൂണ്ടിക്കാണിക്കപ്പെട്ടു. ഇതിനു മുൻപ് പലപ്പോഴും ധനാഭ്യർത്ഥന സംബന്ധിച്ച സബ്ജക്ട് കമ്മിററി റിപ്പോർട്ടിൽ ഭിന്നാഭിപ്രായക്കുറിപ്പ് ചേർത്തിട്ടുണ്ടെന്നും ഇപ്പോൾ അത് ചേർക്കാതിരുന്നത് ഉചിതമായില്ലെന്നും ഉള്ള അഭിപ്രായം ഉയർന്നുവന്നു. ഇക്കാര്യത്തിൽ ചെയറിന്റെ വ്യക്തമായ റൂളിംഗ് ഉണ്ടാകണമെന്ന ആവശ്യം ഉന്നയിക്കപ്പെട്ടു.

ഈ പ്രശ്നത്തിന് ചെയർ പരിപക്വമായ പരിഗണന നൽകി. സെലക്ട് കമ്മിററികളും സബ്ജക്ട് കമ്മിററികളും ബില്ലു പരിഗണിച്ച് റിപ്പോർട്ട് നൽകുമ്പോൾ അവയിലെ അംഗങ്ങൾക്കൊഴിച്ച് മററു കമ്മിററി അംഗങ്ങൾക്ക് തങ്ങളുടെ റിപ്പോർട്ടിൽ ഭിന്നാഭിപ്രായക്കുറിപ്പ് ചേർക്കാനുള്ള അവകാശം നിയമസഭാ ചട്ടങ്ങൾ അംഗീകരിക്കുന്നില്ല. ബില്ലൊഴിച്ച് മററു കാര്യങ്ങൾ പരിഗണിക്കുമ്പോൾ സബ്ജക്ട് കമ്മിററിക്കും ഈ അവകാശമില്ല. സ്ഥായിയായ പ്രശ്നങ്ങൾ ഉൾക്കൊള്ളുന്നതും ബന്ധപ്പെട്ട ജനവിഭാഗത്തെ ആകമാനം ബാധിക്കുന്നതുമായ നിർദ്ദേശങ്ങൾ ഉൾക്കൊള്ളുന്ന നയപ്രഖ്യാപനങ്ങളാണ് ബില്ലുകൾ. ആ നിലയിൽ വ്യത്യസ്തമായ നയസമീപനം പുലർത്തുന്ന കക്ഷികൾക്കും വ്യക്തികൾക്കും അവരുടെ alternate policy-കളും അഭിപ്രായങ്ങളും സഭ മുൻപാകെ വയ്ക്കുന്നതിനും അത് സഭയെ ബോദ്ധ്യപ്പെടുത്തുന്നതിനുള്ള സൗകര്യം നൽകുന്നതിനും വേണ്ടിയാണ് ബില്ലിന്റെ കാര്യത്തിൽ ഭിന്നാഭിപ്രായക്കുറിപ്പ് അനുവദിച്ചിട്ടുള്ളത്. പ്രായേണ അനുവർത്തിക്കുന്ന പൊതുവായ പാർലമെന്ററി നടപടി ക്രമമനുസരിച്ച് മററ് കമ്മിററി റിപ്പോർട്ടുകളുടെ കാര്യത്തിൽ പരസ്പര ധാരണയോടും വിശ്വാസത്തോടുംകൂടി സൗഹൃദത്തിന്റെ അന്തരീക്ഷത്തിൽ അന്യോന്യം വിട്ടുവീഴ്ച ചെയ്ത് അഭിപ്രായങ്ങളെ വിലയിരുത്തി സമന്വയത്തിലെത്തിച്ചേരുന്നത്. പൊതുവിൽ സ്വീകാര്യമായതുമായ നിർദ്ദേശങ്ങൾ മാത്രം സ്വീകരിക്കുകയാണ് പതിവ്. അതുകൊണ്ട് മററു കമ്മിററി റിപ്പോർട്ടുകളുടെ കാര്യത്തിൽ ഭിന്നാഭിപ്രായക്കുറിപ്പ് സാധാരണയായി അനുവദിക്കാറില്ല. എന്നിരുന്നാലും മററു കമ്മിററി റിപ്പോർട്ടുകളെ സംബന്ധിക്കുന്നിടത്തോളം കാതലായ നയപ്രശ്നമുൾക്കൊള്ളുന്ന കാര്യത്തിൽ ഈ പൊതു തത്വത്തിന് അപൂർവ്വം ചില അപവാദങ്ങൾ (exceptions) ഇല്ലാതെയുമില്ല എന്ന വസ്തുതയും ചെയർ വിസ്മരിക്കുന്നില്ല.

കാതലായ നയപ്രശ്നങ്ങൾ ഉൾക്കൊള്ളുന്നവയാണ് ധനാഭ്യർത്ഥനകൾ. സഹകരണത്തിന്റെയും സമന്വയത്തിന്റെയും കാഴ്ചപ്പാടിൽ വിലയിരുത്തിയാൽപോലും ധനാഭ്യർത്ഥനകളുടെ പരിശോധനാ വേളയിൽ നയപരമായ അഭിപ്രായ വ്യത്യാസങ്ങൾ ഉടലെടുക്കുന്നത് സ്വാഭാവികമാണ്. അതുകൊണ്ട് ധനാഭ്യർത്ഥന സംബന്ധിച്ച റിപ്പോർട്ടിന് അന്തിമ രൂപം നല്കുമ്പോൾ നയപരമായ അഭിപ്രായ വ്യത്യാസങ്ങൾ ഉണ്ടായി എന്നു വന്നേക്കാം. ഒഴിച്ചുകൂടാൻ പാടില്ലാത്ത സാഹചര്യത്തിൽ ധനാഭ്യർത്ഥന സംബന്ധിച്ച സബ്ജക്ററ് കമ്മിററി റിപ്പോർട്ടുകൾക്ക് ഭിന്നാഭിപ്രായക്കുറിപ്പുകൾ നൽകേണ്ടതായും അവ സ്വീകരിക്കേണ്ടതായും വന്നുകൂടും. ആയതിനാൽ ഇക്കാര്യത്തിൽ നിയതമായ മാർഗ്ഗനിർദ്ദേശകതത്വങ്ങൾ ഉണ്ടാകേണ്ടത് അനിവാര്യമാണെന്ന് ചെയർ കരുതുന്നു. ഇതു സംബന്ധിച്ച് താഴെ പറയുന്ന മാർഗ്ഗനിർദ്ദേശക തത്വങ്ങൾ ആവിഷ്കരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ധനാഭ്യർത്ഥന സംബന്ധിച്ച സബ്ജക്ട് കമ്മിററി റിപ്പോർട്ടുകൾക്ക് സാമാന്യേന (as a rule) എന്ന നിലയിലല്ലാതെ അനിവാര്യമായ ഘട്ടങ്ങളിൽ പരിമിതമായ തോതിൽ ഒരപവാദം (exception) എന്ന നിലയിൽ മാത്രം ഭിന്നാഭിപ്രായക്കുറിപ്പ് നൽകാവുന്നതും അതു സ്വീകരിക്കപ്പെടാവുന്നതുമാണ്. ഇപ്രകാരം ഭിന്നാഭിപ്രായക്കുറിപ്പ് നൽകുന്നതിന് അനുവർത്തിക്കേണ്ട കാര്യങ്ങൾ താഴെ പറയുംപ്രകാരം streamline ചെയ്യുന്നു.

(1) സബ്ജക്ട് കമ്മിററി പ്രയോഗത്തിൽ വരുത്തിയത് എക്സിക്യൂട്ടീവിന് നിയമസഭയോടുള്ള accountability-യും സഭയ്ക്ക് എക്സിക്യൂട്ടീവിന്റെ മേലുള്ള നിയന്ത്രണവും ഉറപ്പുവരുത്തുന്നതിനു വേണ്ടിയാണ്. ആയതിനാൽ സബ്ജക്ട് കമ്മിററി ഏതെങ്കിലും ധനാഭ്യർത്ഥന പരിഗണിക്കുമ്പോൾ ഈ തത്വങ്ങൾ മറികടക്കത്തക്കവിധം ആ ധനാഭ്യർത്ഥനയിലുൾക്കൊള്ളിച്ചിട്ടുള്ള ഏതെങ്കിലും മേജർ ഹെഡ്ഡോ മൈനർ ഹെഡ്ഡോ പരിശോധനയിൽനിന്ന് ഒഴിവാക്കുന്നപക്ഷം അക്കാര്യം ചൂണ്ടിക്കാണിച്ചുകൊണ്ട് അതു മുഖേന അക്കൗണ്ടബിലിററിയും നിയന്ത്രണവും എപ്രകാരം നിഷേധിച്ചുവെന്ന് കാണിക്കുന്ന ഭിന്നാഭിപ്രായക്കുറിപ്പ് നൽകാവുന്നതാണ്.

(2) നിയമസഭാ നടപടി ചട്ടങ്ങളുടെ 236-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടം അനുശാസിക്കുന്നത് such scrutiny shall ordinarily be confined to variations in the demand from the previous year more particulaly increases, the need for economy and efficiency, new services and relationship of expenditure to * * * * * * needs എന്നാണ്. ധനാഭ്യർത്ഥനയുടെ പരിശോധനാ വേളയിൽ ഈ ചട്ടത്തിൽ നിഷ്കർഷിച്ചിട്ടുള്ള കാര്യങ്ങൾ പ്രായോഗികമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ചൂണ്ടിക്കാണിക്കുകയും അത് കമ്മിററി അംഗീകരിക്കുകയും ചെയ്യാത്ത സംഗതിയിൽ ഇതു സംബന്ധിച്ച ഭിന്നാഭിപ്രായക്കുറിപ്പ് നൽകാവുന്നതാണ്.

(3) നിയമസഭയുടെ മിനിയേച്ചർ എന്ന നിലയിൽ ഭരണഘടനയുടെ 203-ാം അനുച്ഛേദ പ്രകാരം ധനാഭ്യർത്ഥനയിൻമേൽ സഭ സ്വീകരിക്കേണ്ട നടപടിക്രമത്തിന് അനുസൃതമായും അതിനു വിധേയമായുമുള്ള കാര്യങ്ങളെ ഭിന്നാഭിപ്രായക്കുറിപ്പിൽ ചേർക്കാൻ പാടുള്ളൂ. അതനുസരിച്ച് ധനാഭ്യർത്ഥനയ്ക്ക് അനുമതി നൽകുന്നതോ അനുമതി നിഷേധിക്കുന്നതോ തുക കുറവു ചെയ്യണമെന്ന വ്യവസ്ഥക്കു വിധേയമായി ധനാഭ്യർത്ഥനയ്ക്ക് അനുമതി നൽകുന്നതോ സംബന്ധിച്ച സംഗതികൾ കാര്യകാരണസഹിതം വിയോജനക്കുറിപ്പിൽ പറയാവുന്നതാണ്. എന്നാൽ ധനാഭ്യർത്ഥനയിൽ മൊത്തമുള്ള തുകയോ ഏതെങ്കിലും മേജർ ഹെഡ്ഡിലോ മൈനർ ഹെഡ്ഡിലോ പറഞ്ഞിട്ടുള്ള തുകയോ പുനഃപരിശോധനയ്ക്കുവേണ്ടി തിരിച്ചയക്കണമെന്ന് ഭിന്നാഭിപ്രായക്കുറിപ്പുവഴി നിർദ്ദേശിക്കുന്നത് ക്രമാനുസൃതമായിരിക്കുന്നതല്ല. ഇതിന്റെയടിസ്ഥാനത്തിൽ നിർദ്ദിഷ്ട ഭിന്നാഭിപ്രായക്കുറിപ്പിൽ ചില മൈനർ ഹെഡ്ഡുകൾ പുനഃപരിശോധനയ്ക്ക് അയയ്ക്കണമെന്ന ആവശ്യം ഭരണഘടനാപരമല്ലാതിരുന്നതിനാൽ അത് സ്വീകാര്യമായിരുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

(4) ഏതെങ്കിലും ധനാഭ്യർത്ഥനയോ അതിലടങ്ങിയിരിക്കുന്ന ഏതെങ്കിലും മേജർ ഹെഡ്ഡോ മൈനർ ഹെഡ്ഡോ മുഖാന്തിരം ആവിഷ്കരിച്ചിട്ടുള്ള നയത്തിന് ഭേദഗതിയോ alternate policy-യോ പ്രയോഗത്തിൽ കൊണ്ടുവരേണ്ട സംഗതിയിൽ അത് സബ്ജക്ട് കമ്മിററി യോഗത്തിൽ ഉന്നയിക്കാവുന്നതും അത് സമിതി അംഗീകരിക്കാത്തപക്ഷം അത് സംബന്ധിച്ചുള്ള ഭിന്നാഭിപ്രായക്കുറിപ്പ് നൽകാവുന്നതുമാണ്.

(5) ഭിന്നാഭിപ്രായക്കുറിപ്പ് മുഖേന ആവിഷ്കരിക്കാനുദ്ദേശിക്കുന്ന alternate policy-യുടെ കാര്യത്തിലോ ധനാഭ്യർത്ഥന അനുവദിക്കരുതെന്നോ തുകയിൽ കുറവു വരുത്തണമെന്ന വ്യവസ്ഥയ്ക്കു വിധേയമായി ധനാഭ്യർത്ഥനയ്ക്ക് അനുമതി നൽകാമെന്നോ സൂചിപ്പിക്കുന്ന സംഗതിയിലൊഴികെ ഭിന്നാഭിപ്രായക്കുറിപ്പിൽ ഉന്നയിക്കുന്ന കാര്യങ്ങൾ ധനാഭ്യർത്ഥനയ്ക്കോ, ധനാഭ്യർത്ഥന മുഖാന്തിരം ആവിഷ്കരിച്ചിട്ടുള്ള നയത്തിനോ അനുരൂപവും പ്രസക്തവുമായിരിക്കേണ്ടതും ധനാഭ്യർത്ഥനയിൽനിന്നോ ധനാഭ്യർത്ഥനവഴി ആവിഷ്കരിച്ചിട്ടുള്ള നയത്തിൽ നിന്നോ ബാഹ്യമായ കാര്യങ്ങൾ ഉന്നയിക്കാൻ പാടില്ലാത്തതുമാകുന്നു.

(6) ഭിന്നാഭിപ്രായക്കുറിപ്പ്, നിയമസഭാനടപടിചട്ടങ്ങളുടെ 235-ാം ചട്ടത്തിന്റെ (2)-ാം ഉപചട്ടത്തിനനുസൃതമായിരിക്കേണ്ടതും പൊതുവിൽ ദൈനംദിന ഭരണകാര്യങ്ങളെ സ്പർശിക്കാത്തതുമായിരിക്കണം.

(7) ഭിന്നാഭിപ്രായക്കുറിപ്പ് മിതവും അന്തസ്സുററതുമായ ഭാഷയിലായിരിക്കേണ്ടതും അതിൽ സബ്ജക്ട്കമ്മിററിയിലെ ഏതെങ്കിലും ചർച്ചയെ പരാമർശിക്കുകയോ കമ്മിററിയുടെമേൽ ദോഷാരോപണം നടത്തുകയോ ചെയ്യാൻ പാടില്ലാത്തതുമാകുന്നു.

(8) ഭിന്നാഭിപ്രായക്കുറിപ്പിന് നോട്ടീസ് നൽകുന്നതിന് സമിതി തീരുമാനിക്കുന്നത്ര സമയം നൽകുന്നതും അതിനുശേഷം കിട്ടുന്ന നോട്ടീസുകൾ പാടേ തിരസ്ക്കരിക്കുന്നതുമാകുന്നു.

(9) ഭിന്നാഭിപ്രായക്കുറിപ്പിൽ ഏതെങ്കിലും വിധത്തിലുള്ള ദോഷാരോപണമോ, വ്യാജസ്തുതിയോ, കുററം ചുമത്തലോ, അപകീർത്തിപ്പെടുത്തലോ അടങ്ങുന്നതോ മററു വിധത്തിൽ അനുചിതമോ സഭ്യേതരമോ ആയ പദങ്ങളോ പ്രയോഗങ്ങളോ വാചകങ്ങളോ ഉണ്ടായിരിക്കാൻ പാടില്ലാത്തതാകുന്നു.

(10) ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സബ്ജക്ട് കമ്മിററി റിപ്പോർട്ടിന് നോട്ടീസ് നൽകുന്ന ഭിന്നാഭിപ്രായകുറിപ്പുകളിൽ ഈ മാർഗ്ഗദർശക തത്വപ്രകാരമുള്ളവ മാത്രമേ പൂർണ്ണമായോ ഭാഗികമായോ കമ്മിററി റിപ്പോർട്ടിൽ ചേർക്കുകയുള്ളുവെന്ന് ചെയർ അനുസ്മരിപ്പിക്കുന്നു.

(11) ഒരു സബ്ജക്ട് കമ്മിററി റിപ്പോർട്ട് പൂർത്തീകരിക്കുന്ന യോഗത്തിൽ പങ്കെടുക്കാത്ത അംഗങ്ങൾക്ക് ആ സബ്ജക്ട് കമ്മിററി റിപ്പോർട്ടിന് ഭിന്നാഭിപ്രായക്കുറിപ്പ് നൽകുവാൻ അർഹതയുണ്ടായിരിക്കുന്നതല്ല.

മേലിൽ ധനാഭ്യർത്ഥനയുടെ പരിശോധന സംബന്ധിച്ച സബ്ജക്ട് കമ്മിററി റിപ്പോർട്ടിന് ഭിന്നാഭിപ്രായക്കുറിപ്പ് നൽകേണ്ടത് ഈ വ്യവസ്ഥകൾക്ക് വിധേയമായി വേണമെന്ന് ഇതിനാൽ റൂൾ ചെയ്യുന്നു.

LIBRARY ARCHIVES Kerala Legislative Assembly